**ഷെയ്ഖ് മുജീബുർ റഹ്മാന്റെ ചരിത്ര പ്രസിദ്ധമായ വസതി തകർത്തതുമായി ബന്ധപ്പെട്ട മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

ഫെബ്രുവരി 06, 2025

ഷെയ്ഖ് മുജീബുർ റഹ്മാന്റെ ചരിത്ര പ്രസിദ്ധമായ വസതി തകർത്തതിനെക്കുറിച്ച് മാധ്യമങ്ങൾ ചോദിച്ച ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ രൺധീർ ജയ്സ്വാൾ നൽകിയ മറുപടി ഇങ്ങനെയാണ്:

അധിനിവേശത്തിനും അടിച്ചമർത്തലിനുമെതിരെ ബംഗ്ലാദേശിലെ ജനങ്ങളുടെ വീരോചിതമായ ചെറുത്തുനിൽപ്പിന്റെ പ്രതീകമായ ഷെയ്ഖ് മുജീബുർ റഹ്മാന്റെ ചരിത്ര പ്രസിദ്ധമായ വസതി 2025 ഫെബ്രുവരി 5 ന് നശിപ്പിക്കപ്പെട്ടത് ഖേദകരമാണ്.

ബംഗ്ലാ ഐഡന്റിറ്റിയും അഭിമാനവും പരിപോഷിപ്പിച്ച സ്വാതന്ത്ര്യ പോരാട്ടത്തെ വിലമതിക്കുന്ന ഏതൊരാൾക്കും ബംഗ്ലാദേശിന്റെ  ദേശീയ മനോഭാവത്തിൽ ഈ വസതി വഹിച്ച പങ്കിന്റെ പ്രാധാന്യം മനസ്സിലാകും.

ഈ നശീകരണ പ്രവർത്തനം ശക്തമായി അപലപിക്കപ്പെടേണ്ടതാണ്."

ന്യൂഡൽഹി

ഫെബ്രുവരി 06, 2025